പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7192

16/07/2012-ൽ മറുപടി
നല്കേണ്ടത്

റവന്യൂ വകുപ്പ് വക സ്ഥലങ്ങൾ വാണിജ്യ മേഖലകളാക്കുന്നതിനായി
ഇൻകെലിന്റെ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. പി.റ്റി.എ റഹീം<br>ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളിലും പട്ടണങ്ങളിലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ വാണിജ്യ മേഖലകളാക്കുന്നതിനായി ഇൻകെൽ ആവശ്യപ്പെട്ടിട്ടുണ്ടോ; അവ എവിടെയൊക്കെയാണ്; | (എ) തിരുവനന്തപുരത്ത് വാൻറോസ് ജംഗ്ഷനിൽ ഒളിമ്പിക് ടവർ നിർമ്മാണത്തിനായും തമ്പാനൂരിൽ കൊമേഴ്സ്യൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായും തിരുവനന്തപുരത്ത് പാളയം മാർക്കറ്റ് ഏരിയ വികസനത്തിനായും ആലുവയിൽ ഫർണീച്ചർ സിറ്റി സ്ഥാപിക്കുന്നതിനായും കോഴിക്കോട്ട് രാമനാട്ട് കരയിൽ വ്യാവസായിക പാർക്ക് സ്ഥാപിക്കുന്നതിനായും മലപ്പുറത്തെ പാണക്കാട് ഒരു എഡ്യൂ-ഹെൽത്ത് സിറ്റി സ്ഥാപിക്കുന്നതിനായും ഇൻകെൽ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) നിലവിലുള്ള പാട്ടവ്യവസ്ഥ (ഭൂപതിവ്) അനുസരിച്ച് ഇത്തരം ഒരു കൈമാറ്റം സാധ്യമാണോ; | |
| (ഡി) പ്രസ്തുത ആവശ്യത്തിനനുസൃതമായി ചട്ടങ്ങളിൽ മാറ്റം വരുത്താനുദ്ദേശമുണ്ടോ? | |

സെക്ഷൻ ഓഫീസർ